**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1663 11/2/2013-ൽ മറുപടിയ്ക്ക്

തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>,, വി. റ്റി. ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, പി. എ. മാധവൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ജനപങ്കാളിത്തത്തോടെ തരിശുഭൂമി കൃഷി യോഗ്യമാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) തുടക്കമിട്ടിട്ടുണ്ട്. 2011-12 വർഷം മുതൽ കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) പദ്ധതിയിൽ ഏതെല്ലാം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പദ്ധതിയിൽ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഭൂവുടമയ്ക്ക് ഹെക്ടറിന് 5000/- രൂപയും കർഷകന് വിളയനുസരിച്ച് ഹെക്ടറിന് 20,000/- മുതൽ 30,000/- രൂപ വരെ നൽകുന്നുണ്ട്. കർഷകനും, ഭൂവുടമയും പഞ്ചായത്തും ചേർന്ന് ഒപ്പിടുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നത്. |
| സി) ഈ പദ്ധതിപ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് വിളകൾ കൃഷി ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | സി) ഈ പദ്ധതിപ്രകാരം കഴിഞ്ഞ വർഷം (2011-12) 725 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. (275 ഹെക്ടർ വാഴ, 191 ഹെക്ടർ പച്ചക്കറി, 225 ഹെക്ടർ കിഴങ്ങു വർഗ്ഗങ്ങൾ, 34 ഹെക്ടർ നെല്ല്) . നടപ്പ് സാമ്പത്തിക വർഷം 3200 ഹെക്ടറിൽ കൃഷി ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | ഏതെല്ലാം സംഘടനകളുടെ സേവനമാണ് ഈ പദ്ധതികൾക്കുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | കൃഷി വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംഘടനകളുടെ സേവനം ഒന്നും ഇതിനായി പ്രയോജനപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ